**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **04-03-2025 - ൽ മറുപടിയ്ക്ക്**

**ചവറ മണ്ഡലത്തിലെ വൈദ്യുതിലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിൽ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ദേശീയപാത നിർമ്മാണത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചവറ മണ്ഡലത്തിൽ ദേശീയ പാത നിർമ്മാണവുമായി ബന്ധപ്പെട്ട മൂന്ന 110kV ടവറുകൾ ആണ് മാറ്റി സ്ഥാപിക്കേണ്ടത്. ടവറുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഡിമാൻഡ് നോട്ടീസ് ദേശീയ പാത അതോറിറ്റിക്ക് (NHAI) നൽകിയിട്ടുണ്ട്. നാളിതുവരെയും തുക കെഎസ്ഇബിഎൽ-ന് കൈമാറിയിട്ടില്ല. തുക ഒടുക്കുന്ന മുറയ്ക്ക് ടവറുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഇത് മൂലം ദേശീയപാത നിർമ്മാണപ്രവർത്തനം തടസ്സപ്പെട്ടതായി അറിയിച്ചിട്ടില്ല. |
| (ബി) | ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെ ഭാഗത്തെ വീഴ്ച മൂലമാണ് പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | ദേശീയപാത വികസന അതോറിറ്റി വിശ്വസമുദ്ര കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന കമ്പനിക്കാണ് വൈദ്യുത ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത്. കെഎസ്ഇബിഎൽ-ന്റെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ല.<br><br>110kV ടവറുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഇത് വരെയും ആരെയും ചുമതലപ്പെട്ട ത്തിയിട്ടില്ല. NHAI ക്ക് രണ്ട് വിധത്തിൽ ടവർ മാറ്റി സ്ഥാപിക്കൽ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.<br><br>1. കെഎസ്ഇബിഎൽ-നു സൂപ്പർവിഷൻ ചാർജ് ഒടുക്കി, NHAI യ്ക്ക് തന്നെ പ്രവൃത്തി ചെയ്യാവുന്നതാണ്.<br><br>2. NHAI മൊത്തം എസ്റ്റിമേറ്റ് തുകയും വർക് ഡെപ്പോസിറ്റ് ആയി ഒടുക്കി, കെഎസ്ഇബിഎൽ-നു പ്രവൃത്തി ചെയ്യാവുന്നതാണ്.<br><br>എസ്റ്റിമേറ്റും, ഡിമാൻഡ് നോട്ടീസും NHAI യ്ക്ക് കൈമാറിയിട്ടുണ്ട്. വർക് ഡെപ്പോസിറ്റ് തുക NHAI ഇത് വരെ കെഎസ്ഇബി-യിൽ അടച്ചിട്ടില്ലാത്തതി നാൽ ടി പ്രവൃത്തി നിർവഹിക്കാൻ സാധിച്ചിട്ടില്ല. തുക |

| | | | |
|---|---|---|---|
| | | | അടയ്ക്കുന്ന മുറയ്ക്ക് ടവറുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ